# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**(ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം )**

**രജിസ്റ്റേർഡ് ഓഫീസ് - കോട്ടയം 686004**

**ISO-9001:2015 സർട്ടിഫൈഡ് സ്ഥാപനം**

(CIN:U01119KL1962SGC001997)

**പി&എ/എഫ്/2064** 08/08/2025

## പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള നിയമന വിജ്ഞാപനം

പ്ലാന്റേഷൻ കോർപ്പറേഷനിലെ യോഗ്യരായ സ്ഥിരം തൊഴിലാളികളിൽ നിന്നും താഴെ പരാമർശിച്ചിട്ടുള്ള തസ്തികയിലേക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1) | **തസ്തിക** | : | പമ്പ് ഓപ്പറേറ്റർ |
| 2) | **ഒഴിവുകളുള്ള യൂണിറ്റുകൾ** | : | കാലടി ഗ്രൂപ്പ്, കൊട്ടുമൺ ഗ്രൂപ്പ്, ഹെഡ് ഓഫീസ് |
| 3) | **ശമ്പള സ്കെയിൽ** | : | Rs. 16500-35700/- |
| 4) | **നിയമന രീതി** | : | യോഗ്യരായ സ്ഥിരം തൊഴിലാളികളിൽ നിന്നുമുള്ള നേരിട്ടുള്ള നിയമനം (ആഭ്യന്തര തിരഞ്ഞെടുപ്പ്) |
| 5) | **ഒഴിവുകളുടെ എണ്ണം** | : | കാലടി ഗ്രൂപ്പ് - 05<br>കൊട്ടുമൺ ഗ്രൂപ്പ് - 03<br>ഹെഡ്ഓഫീസ് - 01<br>ആകെ മൊത്തം - 09 (നിലവിൽ)<br>(-ടി വിജ്ഞാപനത്തെ തുടർന്ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് പരമാവധി 2 വർഷത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. തത്സമയം ടി തസ്തികയിൽ സംജാതമാകുന്ന ഒഴിവുകളും പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും തന്നെ ബാധകമായ ചട്ടങ്ങളും, വ്യവസ്ഥകളും പാലിച്ച് കൊണ്ട് നികത്തുന്നതായിരിക്കും). |
| 6) | **അപേക്ഷ സമർപ്പിക്കാവുന്നവർ** | : | ➢ കാലടി ഗ്രൂപ്പിലുള്ള ഒഴിവുകളിലേക്ക് കാലടി ഗ്രൂപ്പിൽ<br>➢ കൊട്ടുമൺ ഗ്രൂപ്പ്, ഹെഡ് ഓഫീസ് എന്നിടങ്ങളിലേക്ക് കൊട്ടുമൺ ഗ്രൂപ്പിൽ<br>**-നിന്നുമുള്ള യോഗ്യരായ സ്ഥിരം തൊഴിലാളികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്** |

| | | | |
|---|---|---|---|
| 7) | **അടിസ്ഥാന യോഗ്യതകൾ** | | |
| | **വിദ്യാഭ്യാസ യോഗ്യത** | : | 7-ാം ക്ലാസ്സ് പാസായിരിക്കണം |
| | **പ്രവർത്തി പരിചയം** | : | ➢ കോർപ്പറേഷനിലെ സ്ഥിരം തൊഴിലാളിയായി 5 വർഷത്തെ തൊഴിൽ പരിചയം.<br>➢ പമ്പ് ഓപ്പറേറ്റർ ആയി ചുരുങ്ങിയത് 1 വർഷത്തെ പ്രവർത്തി പരിചയം.<br>**(ടി യോഗ്യത 08/08/2025-ന മുൻപേ നേടിയിട്ടുള്ളതാകണം.)** |
| 9) | **എസ്റ്റേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി, സമയം:** | | 30/08/2025, വൈകുന്നേരം 5.00 മണി |
| 10) | **ഹെഡ് ഓഫീസിൽ അപേക്ഷ ലഭിക്കേണ്ട അവസാന തിയതി, സമയം:** | | 20/09/2025, വൈകുന്നേരം 5.00 മണി |

**അപേക്ഷകർക്കായുള്ള പൊതു- നിർദ്ദേശങ്ങളും, അറിയിപ്പുകളും:**

1. ടി വിജ്ഞാപന പ്രകാരമുള്ള അപേക്ഷകൾ, ഇതോടൊപ്പം അനുബന്ധിച്ചിട്ടുള്ള നിർദ്ദിഷ്ട ഫാറത്തിൽ, അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ പൂർണമായും പൂരിപ്പിച്ചു സമർപ്പിക്കേണ്ടതാണ്.

2. പൂർണ്ണമായി പൂരിപ്പിച്ച നിശ്ചിത ഫാറത്തിലുള്ള അപേക്ഷകൾ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, സംവരണം എന്നിവ തെളിയിക്കുന്നതിനായി ആവശ്യമായ സാധുവായ സാക്ഷ്യപത്രങ്ങൾ/പകർപ്പുകൾ സഹിതം ബന്ധപ്പെട്ട എസ്റ്റേറ്റ് ഓഫീസിൽ, അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുൻപായി, ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ മുൻപാകെ ഹാജരാക്കേണ്ടതും, ഇവ എസ്റ്റേറ്റ് മാനേജർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം, ആയതു അപേക്ഷയോടൊപ്പം അനുബന്ധിച്ചു എസ്റ്റേറ്റ് തലത്തിൽ സ്വീകരിക്കേണ്ടതും, ആയതു ഹെഡ് ഓഫീസിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതിക്ക് മുൻപായി ഉചിത മാർഗ്ഗേണ സമർപ്പിക്കേണ്ടതുമാണ്.

3. നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ ഉദ്യോഗാർത്ഥികൾ എസ്റ്റേറ്റ് മാനേജർ മുൻപാകെ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പകർപ്പുകൾ സാക്ഷ്യപ്പെടുത്തുന്നതിലെക്കായും, തുടർന്നും, കോർപ്പറേഷൻ ആവശ്യപ്പെടുമ്പോഴും ഹാജരാക്കേണ്ടതാണ്. ഇന്റർവ്യൂ സമയത്തോ, നിശ്ചയിക്കപ്പെടുന്ന വെരിഫിക്കേഷൻ അവസരത്തിലോ അസ്സൽ പ്രമാണങ്ങൾ ഹാജരാകാത്ത അപേക്ഷകരെ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുന്നതല്ല. അടിസ്ഥാന യോഗ്യതകൾക്കൊന്നും തന്നെ യാതൊരു വിധ വെയിറ്റേജ് മാർക്കുകളും നൽകുന്നതല്ല.

4. **വിവിധ യോഗ്യതകൾ തെളിയിക്കുന്നതിലേക്കായി ഹാജരാക്കേണ്ടുന്ന രേഖകൾ:**

| | |
|---|---|
| **പ്രായം തെളിയിക്കുന്നതിനായി** | i) SSLC ബുക്കിലെ ആദ്യ പേജിന്റെ എസ്റ്റേറ്റ് മാനേജർ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്<br><br>**ആയതു ലഭ്യമല്ലാത്തവർക്ക് -**<br>ii) സ്കൂൾ അഡ്മിൻഷൻ രജിസ്റ്ററിന്റെ പകർപ്പ്<br>iii) സ്കൂൾ വിടുതൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് |
| **വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനായി** | i) SSLC-യിൽ കുറവായ വിദ്യാഭ്യാസ യോഗ്യതയുള്ളവർ സ്കൂൾ റിക്കാർഡുകളിൽ നിന്നോ, രജിസ്റ്ററുകളിൽ നിന്നൊ ഉള്ള പ്രസക്ത ഭാഗങ്ങൾ സ്ഥാപന തലവന്റെ ഒപ്പും, സീലോടും കൂടി ഹാജരാക്കേണ്ടതാണ്.<br>ii) SSLC-യോ തത്തുല്യമായ പരീക്ഷയോ പാസായവർ തുടർ വിദ്യാഭ്യാസത്തിനോ, പബ്ലിക് സർവ്വീസിനോ യോഗ്യത ഉണ്ടെന്നുള്ള എൻഡോഴ്സ്മെന്റ് അടങ്ങിയ SSLC സർട്ടിഫിക്കറ്റിന്റെ പ്രസക്തമായ പേജോ, എൻഡോഴ്സ്മെന്റോടു കൂടിയ തത്തുല്യമായ സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.<br>iii) ഡിപ്ലോമകളോ, ബിരുദമോ നേടിയിട്ടുള്ളവർ ഡിപ്ലോമ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. മാർക്ക് ലിസ്റ്റുകളിൽ അപേക്ഷകന് ലഭിച്ചിട്ടുള്ള ക്ലാസ്സോ, ഡിവിഷനോ രേഖപ്പെടുത്താത്ത പക്ഷം ആയതു പരീക്ഷ പാസായതിനു തെളിവായി സ്വീകരിക്കപ്പെടുന്നതല്ല. |
| **ജാതി, സമുദായം എന്നിവ തെളിയിക്കുന്നതിനായി** | i) **പട്ടിക ജാതി/പട്ടികവർഗ്ഗക്കാർ-** ബന്ധപ്പെട്ട റവന്യൂ അധികാരി നൽകിയ നൽകിയ **ജാതി സർട്ടിഫിക്കറ്റ്**.<br>ii) **പിന്നോക്ക സമുദായ സംവരണത്തിനായി-** ബന്ധപ്പെട്ട റവന്യൂ അധികാരി നൽകിയ **നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്** (NCLC)<br>iii) **EWS സംവരണത്തിനായി-**ബന്ധപ്പെട്ട റവന്യൂ അധികാരി നൽകിയ **"ആസ്തി-വരുമാന സർട്ടിഫിക്കറ്റ്"** (Income & Asset Certificate) |

5. സംവരണ ആനുകൂല്യത്തിന് അർഹതയുള്ള സമുദായങ്ങളിൽപ്പെട്ട അപേക്ഷകർ അവരുടെ സമുദായത്തിന്റെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്താതെയിരിക്കുകയോ, അംഗീകൃത സമുദായത്തിൽ നിന്നും വ്യത്യസ്തമായി മറ്റേതെങ്കിലും സമുദായത്തിന്റെ പേര് രേഖപ്പെടുത്തുകയോ, അല്ലാത്തപക്ഷം "ഇല്ല" എന്ന് രേഖപ്പെടുത്തുകയോ ചെയ്താൽ സംവരണാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

6. എന്നാൽ സംവരണാനുകൂല്യം അവകാശപ്പെടുന്നവർ അത് തെളിയുക്കുന്നതിലേക്കായുള്ള മതിയായ രേഖകൾ- അപേക്ഷയോടൊപ്പം ഹാജരാകാത്ത പക്ഷം, അപേക്ഷയിൽ മറ്റ് ന്യൂനതകൾ ഇല്ലെങ്കിൽ അവരെ സംവരണാനുകൂല്യം നൽകാതെ നിയമനത്തിന് പരിഗണിക്കുന്നതാണ്.

7. പ്രസ്തുത തസ്തികയ്ക്ക് യോഗ്യതയായി ആവശ്യമായിട്ടുള്ള പ്രവർത്തി പരിചയം അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും താല്ക്കാലികമായോ, സ്ഥിരമായോ നിയമിക്കപ്പെട്ട 08/08/2025-ന മുൻപ് നേടിയതായിരിക്കേണ്ടതാണ്. **ആയതു സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള സ്ഥാപന മേധാവി ഇതോടോപ്പം അനുബന്ധിച്ചിട്ടുള്ള മാതൃകയിൽ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.** (അപ്രെന്റിസ്, ട്രെയിനീ, ക്യാഷ്വൽ തൊഴിലാളി എന്നി നിലകളിൽ വേതനത്തോട് കൂടിയോ, അല്ലാതെയോ നേടിയിട്ടുള്ള പരിചയം യോഗ്യതയായി സ്വീകരിക്കുന്നതല്ല.)

   **ശ്രദ്ധിക്കുക: അപേക്ഷയിൽ അവകാശപ്പെടാത്ത ഒന്നും തന്നെ പിന്നീടുള്ള ഘട്ടങ്ങളിൽ സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷയിൽ അവകാശപ്പെടാതെ തെളിവ് മാത്രം അനുബന്ധിച്ചാലും അവ സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷയിൽ അവകാശമുന്നയിച്ച ശേഷം അനുബന്ധ രേഖകൾ ഉള്ളടക്കം ചെയ്യാഞ്ഞാലും ആയതു പരിഗണിക്കപ്പെടുകയില്ല.**

8. മേപ്പടി വ്യവസ്ഥകളും, നിർദേശങ്ങളും ശരിയായി മനസിലാക്കിയ ശേഷം ആയത് പാലിച്ചു കൊണ്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിലെ ന്യൂനതകൾ പിന്നീട് പരിഹരിക്കുന്നതിന് അപേക്ഷകന് അവസരം ലഭിക്കുന്നതല്ല.
9. അപേക്ഷകന്റെ പേര് റാങ്ക് പട്ടികയിലോ, അഡ്വൈസ് പട്ടികയിലോ ഉൾപ്പെടുത്തി എന്നത് നിയമനം ലഭിക്കുന്നതിന് ഉറപ്പായി കണക്കാക്കാവുന്നതല്ല.
10. അപൂർണമായ അപേക്ഷകൾ, നിശ്ചിത തിയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ, നിശ്ചിത യോഗ്യതയുടെ അഭാവം, നിശ്ചിത പ്രായപരിധിയിൽ കൂടുതൽ, വിജ്ഞാപന പ്രകാരമല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ എന്നിവ നിരുപാധികം മറ്റൊരു അറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.
11. അപേക്ഷകരുടെ എണ്ണം കൂടുതലായാൽ ആവശ്യമെന്ന് കാണുന്ന പക്ഷം പരീക്ഷ പ്രായോഗിക പരീക്ഷ അല്ലെങ്കിൽ, എഴുത്തു പരീക്ഷയുടെയും, ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലോ, ഇന്റർവ്യൂവിന്റെ മാത്രം അടിസ്ഥാനത്തിലോ നിയമന നടപടികൾ സ്വീകരിക്കുവാൻ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**മുന്നറിയിപ്പ്:** ടി വിജ്ഞാപനത്തെ തുടർന്ന് അയക്കുന്ന അപേക്ഷയിലോ, ഹാജരാക്കുന്ന മറ്റു പ്രമാണങ്ങളിലോ, കളവായ വിവരങ്ങൾ രേഖപ്പെടുത്തുകയോ, ഏതെങ്കിലും ശരിയായ വസ്തുതകൾ മനപ്പൂർവം മറച്ചുവയ്ക്കുകയോ, കളവായതോ, കൃത്രിമമായതോ ആയ പ്രമാണങ്ങൾ ഹാജരാക്കുകയോ ചെയ്താൽ, അപേക്ഷകനെ ഭാരതീയ ന്യായസംഹിത പ്രകാരമുള്ള നിയമ നടപടികൾക്ക് വിധേയമാക്കുന്നതിനും, ടി നിയമനത്തിനും, തുടർന്ന് നടത്തുന്ന ഇത്തരം നിയമനങ്ങളിൽ അപേക്ഷിക്കുന്നതിൽ നിന്നും ടിയാനെ സ്ഥിരമായോ, നിശ്ചിത കാലത്തേക്കോ വിലക്ക് ഏർപ്പെടുത്തുന്നതിനും, ഇവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമനത്തിന്റെ തത്സമയം വരെയുള്ള ടി അപേക്ഷകന്റെ പങ്കാളിത്തം പൂർണമായും അസാധുവാക്കുന്നതിനും കോർപ്പറേഷനു അധികാരമുണ്ടായിരിക്കുന്നതാണ്.

**Sd/-**

**മാനേജിങ് ഡയറക്ടർ**

അപേക്ഷ നമ്പർ: KLA/ADE/KOD/CHY/TDE/_ _ _ _ _ _ _
HO-

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

(ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം )

രജിസ്റ്റേർഡ് ഓഫീസ് - കോട്ടയം 686004

ISO-9001:2015 സർട്ടിഫൈഡ് സ്ഥാപനം

(CIN:U01119KL1962SGC001997)

## പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള അപേക്ഷ ഫോറം

Recent Passport size photo

1. അപേക്ഷകന്റെ പേര് (സ്കൂൾ സർട്ടിഫിക്കറ്റിലേതു പോലെ)

ഇംഗ്ലീഷിൽ : ____________________

മലയാളത്തിൽ : ____________________

2. ജനനതീയതി* : ____________________

3. പ്രായം * : ____________________ (01/01/2025-നാം കണക്കാക്കി)

4. ലിംഗം : ആൺ ☐ പെൺ ☐

5. അപേക്ഷകന്റെ പി.എഫ്.നമ്പർ : ____________________

6. സ്ഥിരമായി ജോലിയിൽ പ്രവേശിച്ച തീയതി : ____________________

7. നിലവിൽ സേവനമനുഷ്ഠിക്കുന്ന യൂണിറ്റ് : ____________________

8. മതം :

9. ജാതി: *

10. സംവരണ വിഭാഗം:*

11. വിദ്യാഭ്യാസ യോഗ്യത* :

| 12. പമ്പ് ഓപ്പറേറ്ററായുള്ള പ്രവർത്തി പരിചയം (വിശദമായ വിവരങ്ങൾ നൽകുക) | | യൂണിറ്റ് | എന്ന് മുതൽ | എന്ന് വരെ | മൊത്തം കാലയളവ് |
|---|---|---|---|---|---|
| (a) | കോർപ്പറേഷനിൽ ഉള്ള പ്രവർത്തി പരിചയം* | | | | |
| (b) | ഇതര ആംഗീകൃത സ്ഥാപങ്ങളിൽ നിന്നും നേടിയിട്ടുള്ള പ്രവർത്തി പരിചയം* | | | | |

### സത്യവാങ്മൂലം

ശ്രീ...............................................................................ന്റെ മകൻ/മകളായ ........................................................................ വിലാസത്തിൽ, ശ്രീ./ശ്രീമതി ................................................................. എന്ന ഞാൻ പ്രസ്തുത അപേക്ഷയിൽ നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും, ഹാജാരാക്കിയിട്ടുള്ള എല്ലാ രേഖകളും എന്റെ അറിവിലും, വിശ്വാസത്തിനും പ്രകാരം പൂർണവും, സത്യവും, വസ്തുനിഷ്ഠവുമാകുന്നു. എന്റെ വിദ്യാഭ്യാസ യോഗ്യതകളെല്ലാം തന്നെ 30/08/2025-നു മുമ്പായി നേടിയിട്ടുള്ളതാകുന്നു. ടി പ്രസ്താവനയ്ക്ക് വിപരീതമായി വസ്തുതകൾ മറച്ചുവയ്ച്ചോ, തെറ്റായതോ, കളവായതോ ആയ വിവരങ്ങൾ നല്കിയോ, മറ്റേതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധമായതോ, ക്രമരാഹിതമോ ആയ പ്രവർത്തികൾ/നടപടികൾ ഞാൻ ചെയ്തിട്ടുള്ളതായി തെളിയുന്ന പക്ഷം, ടി അപേക്ഷയും അതുവരെയുള്ള ടി നിയമന പ്രക്രിയയിലുള്ള എന്റെ പങ്കാളിത്തവും സ്വമേധയാ അസാധുവാകുന്നതും, ആയതു ഭാരതീയ ന്യായസംഹിത പ്രകാരവും, എനിക്ക് ബാധകമായ സർവീസ് ചട്ടങ്ങൾ പ്രകാരവുമുള്ള നടപടികൾക്ക് പാത്രീഭവിക്കുന്നതിനു കാരണമാകും എന്നത് ഞാൻ മനസിലാക്കുന്നതും. ആയതിനു ഞാൻ വിധേയനാകുന്നതിയിരിക്കുമെന്ന് ഇതിനാൽ സത്യപ്രതിജ്ഞ ചെയുന്നു

**സ്ഥലം :**

**തീയതി :** **ഒപ്പ്**

**(ഓഫീസ് ആവശ്യങ്ങൾക്കായി)**
**യൂണിറ്റ് മേലധികാരിയുടെ ശുപാർശ/റിമാർക്ക്സ്/അഭിപ്രായം/വിലയിരുത്തൽ**
**(അപേക്ഷകനെ സംബന്ധിച്ചുള്ള സമഗ്രമായ വിലയിരുത്തൽ)**

**സ്ഥലം :**

**തീയതി :** **മാനേജർ/അസി.മാനേജർ**

**അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ (ബാധകമായവ മാത്രം ഉള്ളടക്കം ചെയ്യണ്ടതും, ആയത് രേഖപ്പെടുത്തേണ്ടതുമാണ്:**

| | |
|---|---|
| SSLC ബുക്കിലെ ആദ്യ പേജിന്റെ എസ്റ്റേറ്റ് മാനേജർ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് | |
| സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് | |
| സ്കൂൾ വിടുതൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് | |
| SSLC-യോ തത്തുല്യമായ പരീക്ഷയോ പാസായവർ തുടർ വിദ്യാഭ്യാസത്തിനോ, പബ്ലിക് സർവ്വീസിനോ യോഗ്യത ഉണ്ടെന്നുള്ള എൻഡോഴ്സ്മെന്റ് അടങ്ങിയ SSLC സർട്ടിഫിക്കറ്റിന്റെ പ്രസക്തമായ പേജോ, എൻഡോഴ്സ്മെന്റോടു കൂടിയ തത്തുല്യമായ സർട്ടിഫിക്കറ്റിന്റെ പകർപ്പ് | |
| ഡിപ്ലോമകളോ, ബിരുദമോ നേടിയിട്ടുള്ളവർ ഡിപ്ലോമ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ | |
| **ജാതി സർട്ടിഫിക്കറ്റ്** | |
| **നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്** (NCLC) | |
| **"ആസ്തി-വരുമാന സർട്ടിഫിക്കറ്റ്"** (Income & Asset Certificate) | |
| **പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്** | |

**കുറിപ്പ് :**

1) യൂണിറ്റ് മേലധികാരിയുടെ ശുപാർശ വിശദവും, വസ്തുതാപരവും അപേക്ഷകന്റെ പൊതു സ്വഭാവം, കാര്യക്ഷമത, ജോലിയിലുള്ള താല്പര്യം, ഹാജർ നിലവാരം, അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ടോ എന്നീ വസ്തുതകൾ വിശകലനം ചെയ്തു നല്കിയിട്ടുള്ളതാകണം.
2) അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള സാക്ഷ്യപത്രങ്ങൾ ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ വിശദമായി പരിശോധിച്ച്, ആധികാരികത ബോധ്യപ്പെട്ട ശേഷം മാത്രം (അസ്സലുകൾ ഉള്ളടക്കം ചെയ്യുവാൻ സാധിക്കാത്തതിന്റെ) പകർപ്പുകൾ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
3) പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽപരമായ യോഗ്യത, സംവരണ യോഗ്യത എന്നിവ സംബന്ധിയായി അപേക്ഷയിൽ സ്പഷ്ട്ടമാക്കാത്തതോ, രേഖപ്പെടുത്തതോ, അവകാശപ്പെടാത്തതോ ആയ ഒന്നും തന്നെ പിന്നീട്ടുള്ള ഘട്ടങ്ങളിൽ സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷയിൽ അവകാശപ്പെടാതെ തെളിവ് മാത്രം അനുബന്ധിച്ചാലും അവ സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷയിൽ അവകാശമുന്നയിച്ച ശേഷം അനുബന്ധ രേഖകൾ ഉള്ളടക്കം ചെയ്യാതിരുന്നാലും ആയതു പരിഗണിക്കപ്പെടുകയില്ല. ആയതിനാൽ അപേക്ഷകൾ പൂർണവും, ആവശ്യമായ എല്ലാം അനുബന്ധ രേഖകളും ഉള്ളടക്കം ചെയ്തിട്ടുള്ളതാണെന്നും പരിശോധിച്ച് ഉറപ്പാകേണ്ടതാണ്.